**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1338** **08-12-2022 - ൽ മറുപടിയ്ക്ക്**

**ഉഴവൂർ ബൈപ്പാസ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 15 കോടി രൂപയുടെ ഉഴവൂർ ബൈപ്പാസ് റോഡിന്റെ നിർമ്മാണത്തിന് ട്രാഫിക് സർവെ നടത്തി യഥാർത്ഥ സ്ഥിതിവിവരങ്ങൾ മനസ്സിലാക്കാൻ റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷന് കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ; പ്രസ്തുത പഠനം എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (എ) | കോട്ടയം ജില്ലയിലെ ഉഴവൂർ ബൈപ്പാസിന്റെ നിർമ്മാണം കിഫ്ബിയിൽ ഉൾപ്പെടുത്തി സർക്കാർ ഭരണാനുമതി നൽകുകയും ആർ.ബി.ഡി.സി.കെ.-യെ എസ്.പി.വി ആയി ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സർവ്വേകളുടെയും പഠനങ്ങളുടെയും അടിസ്ഥാനത്തിൽ കിറ്റ്കോ മുഖേന വിശദമായ പദ്ധതി രേഖ തയ്യാറാക്കി 25.01.2018-ൽ കിഫ്ബിയിൽ സമർപ്പിച്ചെങ്കിലും ട്രാഫിക് വളരെ കുറവായതിനാൽ പദ്ധതി നിരാകരിച്ചുകൊണ്ട് കിഫ്ബി 07.06.2018 ൽ കത്ത് നൽകിയിട്ടുണ്ട്. വീണ്ടും ട്രാഫിക് സർവ്വെ നടത്താൻ KIIFB യിൽ നിന്നും ആവശ്യപ്പെട്ടതിന്റെയടിസ്ഥാനത്തിൽ ട്രാഫിക്ക് സർവ്വേ നടത്തി, റിപ്പോർട്ട് അംഗീകാരത്തിനായി 09.11.2022-ൽ കിഫ്ബിയിൽ സമർപ്പിച്ചിരിക്കുകയാണ്. |
| (ബി) | ഒരു പദ്ധതി പ്രൊപ്പോസ് ചെയ്ത് അഞ്ച് വർഷം കഴിഞ്ഞിട്ടും ശാസ്ത്രീയ പഠനത്തിന് ഉണ്ടായിരിക്കുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ; | (ബി) | കോട്ടയം ജില്ലയിലെ ഉഴവൂർ ബൈപ്പാസിന്റെ നിർമ്മാണം കിഫ്ബിയിൽ ഉൾപ്പെടുത്തി സർക്കാർ ഭരണാനുമതി നൽകുകയും ആർ.ബി.ഡി.സി.കെ.-യെ എസ്.പി.വി ആയി ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സർവ്വേകളുടെയും പഠനങ്ങളുടെയും അടിസ്ഥാനത്തിൽ കിറ്റ്കോ മുഖേന വിശദമായ പദ്ധതി രേഖ തയ്യാറാക്കി 25.01.2018-ൽ കിഫ്ബിയിൽ സമർപ്പിച്ചെങ്കിലും ട്രാഫിക് വളരെ കുറവായതിനാൽ പദ്ധതി നിരാകരിച്ചുകൊണ്ട് കിഫ്ബി 07.06.2018 ൽ കത്ത് നൽകിയിട്ടുണ്ട്. വീണ്ടും ട്രാഫിക് സർവ്വെ നടത്താൻ KIIFB യിൽ നിന്നും ആവശ്യപ്പെട്ടതിന്റെയടിസ്ഥാനത്തിൽ ട്രാഫിക്ക് സർവ്വേ നടത്തി, റിപ്പോർട്ട് അംഗീകാരത്തിനായി 09.11.2022-ൽ കിഫ്ബിയിൽ സമർപ്പിച്ചിരിക്കുകയാണ്. |
| (സി) | പ്രസ്തുത പദ്ധതിയുടെ ആദ്യ ഫീസിബിലിറ്റി പഠനം | (സി) | കിറ്റ്കോ മുഖേനയാണ് ട്രാഫിക്ക് സർവ്വേ നടത്തി |

| | | | |
|---|---|---|---|
| | നടത്തിയത് ഏത് ഏജൻസിയാണെന്ന് വ്യക്തമാക്കാമോ; ഉഴവൂർ പോലുള്ള വളരെ ട്രാഫിക് ഉള്ള ജംഗ്ഷനിൽ വേണ്ടത്ര ജാഗ്രതയോടെ പഠനം നടത്താത്തതിന്റെ കാരണം വ്യക്തമാക്കാമോ; | | 2018-ൽ വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിച്ചത്. എന്നാൽ കിഫ്ബി ആവശ്യപ്പെട്ട പ്രകാരം 2022 ഓക്ടോബറിൽ വീണ്ടും കിറ്റ്കോ മുഖേന ട്രാഫിക്ക്. സർവ്വേ നടത്തി, റിപ്പോർട്ട് അംഗീകാരത്തിനായി 09.11.2022-ൽ കിഫ്ബിയിൽ സമർപ്പിച്ചിരിക്കുകയാണ് |
| (ഡി) | വീണ്ടും പദ്ധതിയെക്കുറിച്ച് പഠനം നടത്തുന്നതിന് ഏത് ഏജൻസിയെയാണ് ഏൽപ്പിച്ചിരിക്കുന്നതെന്ന് വിശദീകരിക്കാമോ; ആയതിന്റെ നടപടികൾ ആരംഭിച്ചോ എന്നറിയിക്കാമോ? | (ഡി) | കിറ്റ്ക്കോ മുഖേനയാണ് ട്രാഫിക്ക് സർവ്വേ നടത്തി 2018-ൽ വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിച്ചത്. എന്നാൽ കിഫ്ബി ആവശ്യപ്പെട്ട പ്രകാരം 2022 ഓക്ടോബറിൽ വീണ്ടും കിറ്റ്കോ മുഖേന ട്രാഫിക്ക്. സർവ്വേ നടത്തി, റിപ്പോർട്ട് അംഗീകാരത്തിനായി 09.11.2022-ൽ കിഫ്ബിയിൽ സമർപ്പിച്ചിരിക്കുകയാണ് |

സെക്ഷൻ ഓഫീസർ